"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആറന്മുള ഗ്രാമപഞ്ചായത്ത് - മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ റോഡ് കോൺക്രീറ്റിംഗിനുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നത് - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1990/2020/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,** 22/10/2020

പരാമർശം:- 1 ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.06.2020-ലെ അപേക്ഷ .

2 പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.6.2020 ലെ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 12.08.2020 -ലെ ഇനം 4.21 നമ്പർ തീരുമാനം

**ഉത്തരവ്**

ആറന്മുള ഗ്രാമപഞ്ചായത്ത്, റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ആകെ 118 പ്രോജക്ടുകൾ എടുത്തിട്ടുണ്ട്. ഇതിൽ 37 പ്രോജക്ടുകൾ നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണിയും (അടങ്കൽ 1,00,50,000/- രൂപ) 81 പ്രോജക്ടുകൾ പുതിയ റോഡുകളുടെ കോൺക്രീറ്റ് പ്രവൃത്തികളുമാണ് (അടങ്കൽ 1,66,11,000/- രൂപ) . മറ്റ് റോഡുകൾ അടിയന്തരമായി മെയിന്റനൻസ് നടത്താൻ ഇല്ലാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ റോഡ് കോൺക്രീറ്റിംഗിനുള്ള പ്രോജക്ടുകൾ നടപ്പാക്കാനുള്ള അനുമതി നൽകണമെന്ന ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരാമർശം ( 2 ) പ്രകാരം പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി .

2) സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും. മേൽ കമ്മിറ്റിയുടെ പരാമർശം (3 ) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇത്രയധികം റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന്റെ ആവശ്യകതയും ഈ വർഷം മറ്റ് റോഡുകളുടെ അറ്റകുറ്റപ്പണി ആവശ്യമില്ല എന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെയും ആറന്മുള ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ റോഡ് കോൺക്രീറ്റിംഗിനുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ആറന്മുള ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SURESH KUMAR K
Date: 2020.10.27 14:35:29 IST
Reason: Approved

സെക്ഷൻ ഓഫീസർ